## 1003

പ്രാണപ്രിയാ! എന്നു വരും? എപ്പോൾ വരും?
ഒന്നു കാണ്മാൻ എന്നിനി സാധിക്കും?

1 എത്രയായി പോയിട്ടു നാഥാ! താമസമന്തേ മടങ്ങാൻ?
നീ വരാതെ എന്നാധികൾ തീരുകില്ലീയുലകിൽ-

2 സ്നേഹം കുറയുന്നു തമ്മിൽ സ്വയസ്നേഹികളെങ്ങും പെരുകി
നിൻജനമിന്നാകുലരായ് തീരുന്നു പാരിൽ നാഥാ!-

3 ക്ഷാമം പെരുകുന്നു മന്നിൽ യുദ്ധഭീതികളങ്ങുമിങ്ങോളം
ഭൂകമ്പങ്ങൾ ദുർവ്യാധിയും ഏറിവരുന്നു ദിനം-

4 കഷ്ടതയാണോ നിന്നിഷ്ടം അതിൻപൂർണ്ണത നിൻഹിതം മാത്രം
മന്നിതിൽ നിൻ സേവയെന്യേ അന്യമായൊന്നുമില്ല-

5 കണ്ണുനീരിൽ കുതിർക്കുന്ന വീത്തെറിഞ്ഞെങ്ങോളം നാഥാ-
നന്മണികൾ കാണ്മതിന്നായ് പിൻമഴ തന്നിടണേ-

6 നിൻ വരവോളമീ മന്നിൽ നീ തരും നാളെല്ലാം നിന്നിൽ
ആശ്രയിച്ചും ആശ്വസിച്ചും നിൻവേല ചെയ്യും ഞാൻ-

**K.V.I.**